## അനുബന്ധം-1

**07-12-2022-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*64)-ന്റെ ബാക്കിഭാഗം**

ക്ഷീരവികസന വകുപ്പുദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെയുള്ള മാസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം പ്രയോജനപ്പെടുത്തി സംഘത്തിൽ അളന്ന പാലിന് 3 രൂപ നിരക്കിൽ കർഷകർക്ക് അനുവദിച്ച് നൽകുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇതുവരെ 5.22 കോടി രൂപ ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറി നൽകിയിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പാലിനുള്ള ഇൻസെന്റീവ് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സർക്കാരിന്റെ സന്ദർഭോചിതമായ ഇടപെടലുകൾമൂലം " മിൽക്ക് ഇൻസെന്റീവ്" എന്ന പദ്ധതിക്ക് 130 കോടി രൂപയോളം സംസ്ഥാനത്തെ ഗ്രാമ / ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയിട്ടുണ്ട്.

ഭൂരിഭാഗം പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതത് മാസം അളക്കുന്ന പാലിന് തൊട്ടടുത്ത മാസം സബ്സിഡി നൽകുന്ന രീതി തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെ സൗകര്യമനുസരിച്ച് സ്വീകരിക്കാനും പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ക്ഷീരവികസന വകുപ്പിന്റെ 23.44 കോടി രൂപ സർക്കാർ പ്രഖ്യാപിച്ചതനുസരിച്ച് ഓണത്തിനുമുമ്പായി 2022 ജൂലൈ മാസത്തെ പാലളവിന് 2 ലക്ഷത്തോളം വരുന്ന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏപ്രിൽ മാസം മുതൽ ഇൻസെന്റീവ് നൽകുന്നുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ക്ഷീര വികസന വകുപ്പിന്റെയും വാർഷിക പദ്ധതിയിലുൾപ്പെടുത്തിയാണ് ഇൻസെന്റീവ് നൽകിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പാലിന് ഇൻസെന്റീവ് നൽകുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒരു വർഷം മുഴുവനും ഇൻസെന്റീവ് നൽകുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നതാണ്.

(ഇ) ക്ഷീര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കാത്തത് കൊണ്ടല്ല പാലിന്റെ വില വർധിപ്പിക്കേണ്ടി വന്നത്. കേരളത്തിലെ ക്ഷീരകർഷകരുടെ പാലുല്പാദനച്ചെലവ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. ഇത് കാരണം ക്ഷീര കർഷകർ കടുത്ത

ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉല്പാദനച്ചെലവിന് ആനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരം മിൽമ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് 8.57 രൂപ നഷ്ടമുള്ളതായി കണക്കാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാൽ വില 6 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ഇൻസെന്റീവ് ഉൾപ്പെടെ നൽകിയാൽ മാത്രമെ ക്ഷീരകർഷകർക്ക് പിടിച്ച് നിൽക്കാൻ സാധിക്കുകയുള്ളൂ. ഉല്പാദനച്ചെലവ് പൂർണ്ണമായും ക്ഷീര കർഷകർക്ക് ക്രമപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ മിൽമയുടെ ലാഭം കർഷകർക്ക് തന്നെ വീതിച്ച് നൽകുന്നുണ്ട്. പ്രതിമാസം സംഘങ്ങളിൽ അളക്കുന്ന പാലിന് നൽകുന്ന വിലയ്ക്കുപുറമെയാണ് മിൽമ അധിക വില നൽകിവരുന്നത്. കൂടാതെ ക്ഷീരകർഷകരെ സഹായിക്കുന്നതിന് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും ക്ഷീരവികസന വകുപ്പും മിൽമയും നൽകിവരുന്നുണ്ട്.